**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 6148** **20.11.2019-ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിലെ സാംസ്കാരിക സമുച്ചയ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ഏതെല്ലാം ജില്ലകളിലാണ് നവോത്ഥാന നായകരുടെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുള്ളത് ; | (എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ, പ്രമുഖ നവോത്ഥാന സാംസ്കാരിക നായകരുടെ പേരിൽ എല്ലാ ജില്ലകളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായുള്ള പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ്. പാലക്കാട്, കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. ഇടുക്കി ജില്ലയിൽ പ്രസ്തുത സമുച്ചയ നിർമ്മാണത്തിന് ഭൂമി കൈമാറി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആറ് ജില്ലകളിൽ (ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കോട്ടയം, തൃശ്ശൂർ) അനുയോജ്യമായ ഭൂമി കണ്ടെത്തുകയും ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലുമാണ്. ബാക്കിയുള്ള നാല് ജില്ലകളിൽ (തിരുവനന്തപുരം. പത്തനംതിട്ട, എറണാകുളം, വയനാട്) അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി ജില്ലാ ഭരണകൂടങ്ങളുമായി ബന്ധപ്പെട്ടു വരുന്നു. |
| (ബി) എറണാകുളം ജില്ലയിൽ എവിടെയാണ് ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ ? | (ബി) എറണാകുളം ജില്ലയിൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിനായി സർക്കാർ ഭൂമി ലഭ്യമല്ലാത്തതിനാൽ ആയതിനായി വിവിധ സ്വകാര്യ ഭൂമികൾ പരിഗണിച്ചുവെങ്കിലും അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിട്ടില്ല. എറണാകുളം ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ